**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4930** **20-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ടൂറിസത്തിന്റെ കുതിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസത്തിന്റെ കുതിപ്പിന് സ്വീകരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ടൂറിസം വ്യവസായത്തെ ചേർത്തുനിർത്തിക്കൊണ്ട് നൂതനവും നവീനവുമായ പദ്ധതികളിലൂടെ ലോകടൂറിസത്തിന്റെ ശ്രദ്ധ ആകർഷിക്കാൻ കേരള ടൂറിസത്തിന് സാധിച്ചു. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ കുതിപ്പിന് സ്വീകരിക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• **ഹെലി ടൂറിസം**<br><br>കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയം ആവിഷ്കരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.<br><br>• **ക്രൂയിസ് ടൂറിസം**<br><br>സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകി വരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.<br><br>• **സീപ്ലെയിൻ പദ്ധതി**<br><br>സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ |

വിജയകരമായി നടത്തി. ആദ്യഘട്ടം എന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.

- **ഡിസൈൻ പോളിസി**

വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്ത് കൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നു വരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശക ചട്ടക്കൂട് ആണ് രൂപകൽപ്പന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ നടപ്പിലാക്കി വരുന്നു.

- **ടൂറിസം നിക്ഷേപക സംഗമം:**

ടൂറിസം നിക്ഷേപക സംഗമം വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കുകയും സാധ്യമാകുന്നതുമാണ്.

- **സിനി ടൂറിസം:-**

കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിംഗ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി കിരീടം പാലം ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു.

- **കാരവൻ ടൂറിസം**

കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും

വാഗമണ്ണിലും, മലമ്പുഴയിലും കാരവൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

- **ഡെസ്റ്റിനേഷൻ ചലഞ്ച്:**

ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി 40 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

- **മാസ്റ്റർ പ്ലാൻ**

ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും, സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നു. കോവളം പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

- **സ്റ്റാർട്ട്അപ്പ് മിഷൻ-**

വിനോദസഞ്ചാര വകുപ്പും കേരള സ്റ്റാർട്ട്അപ്പ് മിഷനും തമ്മിൽ നൂതനമായ വിവിധ പദ്ധതികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU ൽ ഏർപ്പെട്ടിട്ടുണ്ട്. നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയാണ്.

- **ഉത്തരവാദിത്ത ടൂറിസം -**

സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക, ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും, പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളേയും ആകർഷിക്കുന്നവയാണ്.

- **മലബാർ ലിറ്റററി സർക്യൂട്ട്**

മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- **ബയോഡൈവേഴ്സിറ്റി സർക്യൂട്ട്**

പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതിയ്ക്ക് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

- **നൈറ്റ് ലൈഫ് ടൂറിസം-**

സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കി. കനകക്കുന്ന് കൊട്ടാര വളപ്പിലും നൈറ്റ് ലൈഫ് ടൂറിസം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്.

- **നൂതന നഗര ഇടങ്ങൾ/WE PARK**

പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്തും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവു സമയങ്ങൾ ചെലവഴിയ്ക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത് . കൊല്ലത്ത് ഇത്തരത്തിലുള്ള ആദ്യ പദ്ധതി ആരംഭിച്ചു.

- അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.
- സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for

| | | | |
|---|---|---|---|
| | | | Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 'Ashatamudi Biodiversity and Eco-Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya – Global Gateway to Malabar Cultural Crucible എന്നീ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കേരളത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബ് ആക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ആഭ്യന്തര- വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായുള്ള വിവിധ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കേരള സംസ്ഥാനത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ സാധ്യതകൾ വിശകലനം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നു. ഹെലി ടൂറിസം, വെഡിംങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, എന്നിവ നടപ്പിലാക്കുന്നതിനും ദേശീയ/അന്താരാഷ്ട്ര ഫെയറുകൾ സംഘടിപ്പിക്കുക, ഫുഡ് സ്ട്രീറ്റുകളുടെ നിർമ്മാണം, ടൂറിസം കോറിഡോർ വികസനം ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/ അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സ്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾക്ക് സമീപം തീർത്ഥാടന സൗകര്യങ്ങൾ സജ്ജമാക്കുക. 'പ്രാദേശിക ഡെസ്റ്റിനേഷൻ' എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം, ഹെറിറ്റേജ് ടൂറിസം |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | ടൂറിസം കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | കേരളം സന്ദർശിക്കുന്ന വിദേശ സ്വദേശ വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ചുള്ള വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. നൂതനവും നവീനവുമായ പദ്ധതികളിലൂടെ ടൂറിസം വികസനം ഉറപ്പാക്കുകയാണ് ചെയ്യുന്നത്.<br><br>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരമുള്ള ശൗചാലയങ്ങളും കഫ്റ്റീരിയകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുവാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രവർത്തികൾ നടന്നുവരുന്നു. ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ആവശ്യകതക്ക് അനുസരിച്ച് കഫ്റ്റേരിയകളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്താറുണ്ട്. സംസ്ഥാനത്തിന്റെ വിവിധങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടോയ്‌ലറ്റ്, അമിനിറ്റി സെന്റർ, ലൈറ്റിംഗ്, സിസിടിവി ക്യാമറകൾ എന്നിവയും കൂടാതെ ഓരോ ടൂറിസം ഡെസ്റ്റിനേഷന്റെയും പ്രാധാന്യം കണക്കിലെടുത്ത് കൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കാണ് ഊന്നൽ നൽകി വരുന്നത്. വകുപ്പിൽ പുതിയ പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കുമ്പോൾ, ടൂറിസം സാധ്യത, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നല്കിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്.<br><br>നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവാരമുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കി വരുന്നു. നിലവിലുള്ള ഗസ്റ്റ്ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ്ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ